LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ നിക്ഷേപ സമാഹരണ പദ്ധതി

143 (1810) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിക്ഷേപ സമാഹരണ പദ്ധതി ആരംഭിച്ചത് എന്നാണ് ;

(ബി) എത്ര നിക്ഷേപ സമാഹരണങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) ഓരോന്നിലും സമാഹരിച്ച തുക എത്രയാണെന്ന് അറിയിക്കുമോ ;

(ഡി) നിക്ഷേപകരെ സഹകരണബാങ്കുകളിലേക്ക് ആകർഷിക്കുവാൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1976-ലാണ് നിക്ഷേപ സമാഹരണപദ്ധതി ആരംഭിച്ചത്.

(ബി) 1999 വരെ സംസ്ഥാനത്ത് 20 സഹകരണ നിക്ഷേപ സമാഹരണങ്ങൾ നടത്തിയിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) കൂടുതൽ നിക്ഷേപകരെ സഹകരണ ബാങ്കുകളിലേക്ക് ആകർഷിക്കുവാൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1 സഹകരണബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് വാണിജ്യബാങ്കുകളിലേതിനേക്കാൾ താരതമ്യേന ഉയർന്ന പലിശ നിരക്ക് നിശ്ചയിച്ചു.

2 'ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീം' പ്രകാരം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ ഒരു ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി നൽകുന്നു.

3 ജില്ലാ സഹകരണബാങ്കുകളിലെയും അർബൻ സഹകരണ ബാങ്കുകളിലെയും ഒരു ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

നീതിസ്റ്റോറുകളുടെ നഷ്ടം

144 (1811) ശ്രീ. ഇ. എം. ആഗസ്തി :
ശ്രീ. എ. കെ. മണി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) നീതിസ്റ്റോറുകൾക്ക് എന്തു തുക ഇതുവരെ നഷ്ടം വന്നിട്ടുണ്ട് ;

(ബി) എപ്രകാരമാണ് നഷ്ടം വന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) നീതി സ്റ്റോറുകളുടെ കണക്ക് ആഡിറ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) നീതി സ്റ്റോറുകളുടെ കണക്ക് ആഡിറ്റ് ചെയ്യുവാനുള്ള സംവിധാനം എന്താണ് ;

(ഇ) നീതി സ്റ്റോറുകളുടെ കണക്കുകൾ അക്കൗണ്ടന്റ് ജനറലിനെ കൊണ്ട് ആഡിറ്റ് ചെയ്തിക്കുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ&ബി) ലാഭമോ നഷ്ടമോ ഇല്ലാതെ പ്രവർത്തിക്കാനാണ് നീതിസ്റ്റോറുകൾ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രവർത്തനത്തിനിടയിൽ നേരിയ തോതിലുള്ള ലാഭമോ നഷ്ടമോ ഉണ്ടാകാറുണ്ട്. ബന്ധപ്പെട്ട സംഘങ്ങളുടെ ആഡിറ്റ് പൂർത്തിയാകുമ്പോൾ മാത്രമേ കൃത്യമായ കണക്ക് ലഭ്യമാകൂ.

(സി) നീതി സ്റ്റോറുകൾ നടത്തുന്ന സംഘങ്ങളുടെ കണക്ക് ആഡിറ്റ് നടത്തുന്നതിനൊപ്പം നീതിസ്റ്റോറുകളുടെയും ആഡിറ്റ് നടത്തിവരുന്നു.

(ഡി) സഹകരണ വകുപ്പിലെ ആഡിറ്റ് വിഭാഗമാണ് സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് നടത്തുന്നത്.

(ഇ) സഹകരണ നിയമം അനുസരിച്ചുള്ള ആഡിറ്റ് സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് ആയതിനാൽ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ആവശ്യമില്ല.

നീതിസ്റ്റോറുകളുടെ വാടക

145 (1812) ശ്രീ. കെ. സുധാകരൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എം. മുരളി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര നീതിസ്റ്റോറുകൾ നടത്തപ്പെടുന്നു ;

(ബി) നീതി സ്റ്റോറുകൾ നടത്തുന്നതിനുള്ള കെട്ടിട വാടകയിനത്തിൽ എന്തു തുക ചെലവു വരുന്നുണ്ട് ;

(സി) നീതി സ്റ്റോറുകൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള സെൻട്രൽ സ്റ്റോറുകളുടെ പ്രവർത്തനത്തിനു വേണ്ടി കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്രയെണ്ണം ; എവിടെയെല്ലാം ;

(ഇ) ഇവയ്ക്ക് വാടകയിനത്തിൽ എന്തു ചെലവു വരുന്നുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly